**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് കുടുംബശ്രീ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീ. നൗഫൽ റ്റി.എ., ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ്, തിരുവനന്തപുരം - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2923/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 15/11/2018**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin സർക്കാർ ഉത്തരവ്

3. 01.03.2016 തീയതിയിലെ സ.ഉ(സാധാ) നം. 1004/16/തസ്വഭവ ഉത്തരവ്

4. 03.05.2018 തീയതിയിലെ സ.ഉ(സാധാ) നം. 1253/18/തസ്വഭവ ഉത്തരവ്

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.08.2018-ലെ 4424/ഇ 1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഡയറക്ടറേറ്റ് ഓഫ് ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ് ലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറായ ശ്രീ. നൗഫൽ റ്റി.എ.-യെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷൻ ഓഫീസിൽ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4) ലെ ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്രസേവന കാലാവധി 03/6/2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാന്റെ അന്യത്രസേവന കാലാവധി **03/6/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **04.6.2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(5)**-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടറേറ്റ് ഓഫ് ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ്, തിരുവനന്തപുരത്തിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറായ ശ്രീ.നൗഫൽ റ്റി.എ.-യുടെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140 സി)** പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശ സർക്കുലറുകളിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **04/06/2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മിനി എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ഡയറക്ടർ, വ്യവസായവും വാണിജ്യവും വകുപ്പ് മുഖേന)
ഡയറക്ടർ, വ്യവസായവും വാണിജ്യവും വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**